# CAREER Updates
# പത്രവൃത്താന്തം

05.10.2024 (ശനി)




- ⇨ വനിതാ ക്രിക്കറ്റ് ലോകകപ്പിൽ വിക്കറ്റ് നേടുന്ന ആദ്യ മലയാളി
- ✔ ആശ ശോഭന
- 💧 2024-ലെ ട്വന്റി-20 ലോകകപ്പിലെ ന്യൂസിലന്റിനെതിരായ മത്സരത്തിൽ ട്വന്റി-20 വനിതാ ലോകകപ്പിൽ അരങ്ങേറ്റ മത്സരത്തിൽ തന്നെ വിക്കറ്റ് നേടുന്ന ആദ്യ മലയാളി എന്ന നേട്ടവും ആശ ശോഭന സ്വന്തമാക്കി. ട്വന്റി-20 ലോകകപ്പിൽ കളിക്കുന്ന ആദ്യ മലയാളി വനിതാ താരവുമാണ് ആശ ശോഭന.

- ⇨ 2024-ലെ ഷാങ്ഹായ് സഹകരണ ഉച്ചകോടിയുടെ വേദി
- ✔ ഇസ്ലാമാബാദ്, പാകിസ്ഥാൻ
- 💧 ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പങ്കെടുക്കുന്ന ഇന്ത്യൻ പ്രതിനിധിസംഘത്തെ നയിക്കുന്നത് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ ആണ്.
- ⇨ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയും എൽസിവറും ചേർന്ന് പ്രസിദ്ധീകരിച്ച 2024-ലെ ലോകത്തെ ഏറ്റവും മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ പട്ടികയിൽ തുടർച്ചയായി ആറാം തവണയും ഇടം നേടിയ മലയാളി ശാസ്ത്രജ്ഞൻ
- ✔ ഡോ. സി.എച്ച്. സുരേഷ്
- ⇨ 2024 ഒക്ടോബറിൽ ഇന്റർനാഷണൽ അഡ്വർട്ടൈസിങ് അസോസിയേഷന്റെ ഇന്ത്യാ വിഭാഗം പ്രസിഡന്റായി നിയമിതനായത്
- ✔ അഭിഷേക് കർണാനി

CAREER GUIDANCE BUREAU

- ⇨ 2024 ഒക്ടോബറിൽ ഭൂമിയിൽ നിന്ന് 460 ദശലക്ഷം കിലോമീറ്റർ അകലെയുള്ള പേടകത്തിലേക്ക് ലേസർ വഴിയുള്ള ആശയവിനിമയം വിജയകരമായി പരീക്ഷിച്ചത്
- ✔ നാസ
- 💧 ചൊവ്വയുടേയും വ്യാഴത്തിന്റേയും ഇടയിലുള്ള സൈക്ക് ഛിന്നഗ്രഹത്തിനെ ലക്ഷ്യമാക്കി നീങ്ങുന്ന സൈക്കി പേടകത്തിലേക്കാണ് റേഡിയോ തരംഗങ്ങൾക്ക് പകരം ലേസർ സിഗ്നൽ വഴി നാസ ആശയവിനിമയം സാധ്യമാക്കിയത്.
- ⇨ സാങ്കേതിക കണ്ടുപിടിത്തങ്ങൾക്കുള്ള കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ 2024-ലെ ഗാന്ധിയൻ യങ് ടെക്നോളജിക്കൽ ഇന്നൊവേഷൻ അവാർഡിന് അർഹമായ സാങ്കേതിക വിദ്യ
- ✔ അഡാപ്റ്റീവ് ട്രോളി ഇ-ഡ്രൈവ്
- 💧 ആശുപത്രിയിൽ രോഗികളെ ട്രോളിയിൽ വേഗത്തിൽ ഡോക്ടറുടെ അടുത്ത് എത്തിക്കുന്ന സംവിധാനമാണ് അഡാപ്റ്റീവ് ട്രോളി ഇ-ഡ്രൈവ്. തിരുവനന്തപുരം ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥികളാണ് ഇത് വികസിപ്പിച്ചത്.
- ⇨ ആഗോള ചെസ് സംഘടനയായ ഫിഡെയുടെ പുതിയ ചെസ് റാങ്കിംഗിൽ മൂന്നാം സ്ഥാനത്തേക്ക് ഉയർന്ന ഇന്ത്യൻ താരം
- ✔ അർജുൻ എരിഗാസി
- 💧 ഇന്ത്യക്കാരനായ ഡി. ഗുകേഷ് അഞ്ചാം സ്ഥാനത്താണ്. നോർവേയുടെ മാഗ്നസ് കാൾസൻ ആണ് ഒന്നാം സ്ഥാനത്ത്. യു.എസിന്റെ ഹികാരു നകാമുറ ആണ് രണ്ടാം സ്ഥാനത്ത്.
- ⇨ 2025-ലെ ഖോ-ഖോ ലോകകപ്പിന്റെ വേദി
- ✔ ഇന്ത്യ


കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999